ശബരിമല മീഡിയ സെന്റർ , സന്നിധാനം
18/11/2026

സന്നിധാനത്ത് ഇന്ത്യാ പോസ്റ്റിന്റെ പ്രത്യേക 'സ്വാമി പ്രസാദം' ബുക്കിംഗ് കൗണ്ടറും പാഴ്സൽ സേവനവും ആരംഭിച്ചു

ശബരിമല തീർത്ഥാടന കാലത്ത് സന്നിധാനത്ത് **24** മണിക്കൂറും പ്രവർത്തിക്കുന്ന ഇന്ത്യാ പോസ്റ്റിന്റെ പ്രത്യേക 'സ്വാമി പ്രസാദം' ബുക്കിംഗ് കൗണ്ടറും പാഴ്സൽ ബുക്കിംഗ് സൗകര്യവും ആരംഭിച്ചു. ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.ജയകുമാർ ഉദ്ഘാടനം നിർവഹിച്ചു. ശബരിമലയിലെത്തുന്ന ഭക്തരുടെ അനുഭവം മികച്ചതാക്കുന്നതിനുള്ള ശ്രമമാണ് ദേവസ്വം ബോർഡ് ചെയ്യുന്നതെന്ന് കെ.ജയകുമാർ വ്യക്തമാക്കി.

സന്നിധാനത്ത് ദേവസ്വത്തിന്റെ അരവണ, അപ്പം കൗണ്ടറുകൾക്ക് സമീപമായാണ് ഇന്ത്യാ പോസ്റ്റിന്റെ പ്രത്യേക കൗണ്ടർ പ്രവർത്തിക്കുക. ഈ പ്രത്യേക കൗണ്ടർ വഴി അയ്യപ്പഭക്തർക്ക് 'സ്വാമി പ്രസാദവും' 'അരവണ പായസവും' സ്പീഡ് പോസ്റ്റ് പാർസലായി രാജ്യത്തെവിടെയും അയക്കാൻ സാധിക്കും. പ്രസാദം ബുക്ക് ചെയ്യുന്നതിനൊപ്പം സുരക്ഷിതമായി പാക്ക് ചെയ്ത് രാജ്യത്തുടനീളം എത്തിക്കുന്നതിനുള്ള സൗകര്യവും ഇവിടെ ലഭ്യമാകും. ഭക്തർ ദർശനം കഴിഞ്ഞ് മടങ്ങിയെത്തുമ്പോഴേക്കും പ്രസാദം വീടുകളിൽ ലഭ്യമാകുന്ന രീതിയിലാണ് ഈ സംവിധാനം ക്രമീകരിച്ചിരിക്കുന്നത്.

സന്നിധാനത്തെ പ്രത്യേക കൗണ്ടറിന് പുറമെ, ഇന്ത്യയിലെ ഏത് പോസ്റ്റ് ഓഫീസ് വഴിയും 'സ്വാമി പ്രസാദം' സ്പീഡ് പോസ്റ്റ് പാർസലായി ബുക്ക് ചെയ്യാം. തീർത്ഥാടന

കാലത്തെ തിരക്ക് ഒഴിവാക്കി, ആവശ്യമായ അളവിൽ പ്രസാദവും അരവണയും ബുക്ക് ചെയ്ത് സുരക്ഷിതമായി വീടുകളിലെത്തിക്കാൻ ഈ സംവിധാനം ഭക്തർക്ക് സഹായകരമാകും. അരവണയുടെ വിലയും പോസ്റ്റൽ ചാർജും നൽകിയും അരവണ വാങ്ങി നൽകിയാൽ പോസ്റ്റൽ ചാർജ് മാത്രം നൽകിയും സ്പീഡ് പോസ്റ്റ് അയക്കാനുള്ള സൗകര്യമുണ്ട്. പോസ്റ്റൽ സർവീസ് കേരള സർക്കിൾ ഡയറക്ടർ എൻ.ആർ. ഗിരി , സൗത്തേൺ റീജിയൻ അസിസ്റ്റന്റ് ഡയറക്ടർ എൻ.എസ്.ശങ്കർ തുടങ്ങിയവർ പങ്കെടുത്തു.

India Post Launches 24-Hour 'Swami Prasadam' Booking and Parcel Service at Sannidhanam

The Devaswom Board has introduced additional facilities to make the Sabarimala pilgrimage more convenient for Ayyappa devotees. As part of this initiative, a special 'Swami Prasadam' booking counter and parcel service, operated by India Post, has been launched at Sannidhanam. The facility will function round the clock.

Devaswom Board President K. Jayakumar inaugurated the counter and said that the Board is committed to improving facilities and ensuring a more convenient pilgrimage experience for devotees.

The India Post counter is located near the Devaswom Board's Aravana and Appam distribution counters at Sannidhanam. Through this facility, devotees can send Swami Prasadam and Aravana Payasam to any destination in the country through

Speed Post. Secure packaging arrangements have also been made to ensure that the prasadam reaches recipients safely. The service is designed to enable devotees to receive their prasadam at home around the time they return from their pilgrimage.

Swami Prasadam Booking Available at Post Offices Across India

Devotees can also book Swami Prasadam parcels through any post office across the country. This facility allows pilgrims to avoid carrying additional prasadam during their journey and have it delivered directly to their homes.

Aravana can be sent through Speed Post in two ways. Devotees can either pay for both the Aravana and postal charges at the time of booking or, if they have already purchased the Aravana, pay only the applicable postal charges.

N.R. Giri, Director of Postal Services, Kerala Circle, and N.S. Shankar, Assistant Director, Southern Region, were among those present at the inauguration.

इंडिया पोस्ट ने सन्निधानम में 24 घंटे 'स्वामी प्रसादम्' बुकिंग और पार्सल सेवा शुरू की

देवस्वोम बोर्ड ने अयप्पा भक्तों के लिए सबरीमाला तीर्थयात्रा को और अधिक सुविधाजनक बनाने के लिए कई नई सुविधाएं शुरू की हैं। इसी पहल के तहत, सन्निधानम में इंडिया पोस्ट द्वारा संचालित एक विशेष

'स्वामी प्रसादम्' बुकिंग काउंटर और पार्सल सेवा शुरू की गई है। यह सुविधा चौबीसों घंटे उपलब्ध रहेगी।

देवस्वोम बोर्ड के अध्यक्ष के. जयकुमार ने इस काउंटर का उद्घाटन किया। उन्होंने कहा कि बोर्ड भक्तों के लिए सुविधाओं को बेहतर बनाने और तीर्थयात्रा के अनुभव को और अधिक सुविधाजनक बनाने के लिए प्रतिबद्ध है।

इंडिया पोस्ट का यह काउंटर सन्निधानम में देवस्वोम बोर्ड के 'अरवना' और 'अप्पम' वितरण काउंटरों के पास स्थित है। इस सुविधा के जरिए, भक्त 'स्वामी प्रसादम्' और 'अरवना पायसम' को स्पीड पोस्ट के माध्यम से देश में कहीं भी भेज सकते हैं। प्रसाद सुरक्षित रूप से प्राप्तकर्ताओं तक पहुंचे, इसके लिए सुरक्षित पैकेजिंग की व्यवस्था भी की गई है। इस सेवा को इस तरह से तैयार किया गया है कि भक्त अपनी तीर्थयात्रा से वापस लौटने के समय तक अपने घर पर ही प्रसाद प्राप्त कर सकें।

सन्निधानम स्थित विशेष काउंटर के अलावा, भारत के किसी भी डाकघर के माध्यम से ‘स्वामी प्रसादम’ को स्पीड पोस्ट पार्सल के रूप में बुक किया जा सकता है। यह सुविधा श्रद्धालुओं को तीर्थयात्रा के मौसम में होने वाली भीड़ से बचने में मदद करेगी। इसके तहत भक्त अपनी आवश्यकता के अनुसार प्रसाद और अरवणा बुक कर सकते हैं और उन्हें सुरक्षित रूप से अपने घर तक मंगवा सकते हैं।

अरवणा की कीमत और डाक शुल्क का भुगतान करके अरवणा खरीदने की सुविधा के साथ-साथ, पहले से खरीदी गई अरवणा को केवल डाक शुल्क का भुगतान करके स्पीड पोस्ट के माध्यम से भेजने की सुविधा भी उपलब्ध है।

उद्घाटन के अवसर पर केरल सर्कल के डाक सेवा निदेशक एन.आर. गिरि और दक्षिणी क्षेत्र के सहायक निदेशक एन.एस. शंकर सहित अन्य अधिकारी उपस्थित थे।